ഉത്തരം

(എ) — (ഡി) നവംബർ 30-ാം തീയതി മാത്രമേ ജനസമ്പർക്കപരിപാടി തീരുകയുള്ളൂ. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

നൂറു ദിവസത്തെ പരിപാടി

15 [16] *ശ്രീ. വർക്കല കഹാർ:*

„ *വി. ഡി. സതീശൻ:*

„ *എ. സുജനപാൽ:*

„ *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നൂറു ദിവസങ്ങൾക്കുള്ളിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഇതുവരെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഗവൺമെന്റിന്റെ പ്രഖ്യാപന പ്രകാരം പ്രവർത്തിക്കുന്നതിനാവശ്യമായ സഹകരണം ഉദ്യോഗസ്ഥൻമാരുടെ പക്ഷത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലായി 104 പദ്ധതികൾ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാനും നിലവിലുള്ള ഒഴിവുകൾ എല്ലാം പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യുവാനും ഡി. പി. സി.-കൾ കൂടി പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ നികത്താനുള്ള നടപടികൾ തുടങ്ങാനും 31-8-2004 വരെ കെട്ടിക്കിടന്ന 125266 ഫയലുകളിൽ തീർപ്പു കൽപ്പിക്കാനും തീരുമാനിച്ചു. 14 ജില്ലകളിലും മുഖ്യമന്ത്രി നേരിട്ട് ജനസമ്പർക്ക പരിപാടി നടത്തി ആവുന്നത്ര പരാതികൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്.

(ബി) നേട്ടങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു. †

(സി) ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണ സഹകരണം ഉണ്ടാവുന്നുണ്ട്.

സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മ പദ്ധതി

16 [17] *ശ്രീ. പി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപദ്ധതികൾ ഏതൊക്കെയായിരുന്നെന്നും പ്രഖ്യാപിച്ച പദ്ധതികളോരോന്നും ഇതിനകം എത്രമാത്രം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

---

† അനുബന്ധം -III കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-2005 സാമ്പത്തിക വർഷത്തിലേക്ക് പാസ്സാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ളതിന് പുറമേ മറ്റെന്തെങ്കിലും പദ്ധതികളോ പരിപാടികളോ 100 ദിവസത്തെ കർമ്മപദ്ധതിയിൽ ഉണ്ടായിരുന്നോ; എങ്കിൽ അവ ഏതെല്ലാമാണ്;

(സി) 2004-2005 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്താത്ത ഏതെങ്കിലും പദ്ധതികൾ 100 ദിവസത്തെ കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ നടപ്പിലാക്കുന്നതിനുള്ള തുക എപ്രകാരം കണ്ടെത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപരിപാടിയിൽ വിവിധ വകുപ്പുകളിലായി 104 പദ്ധതികളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 2004-2005 സാമ്പത്തിക വർഷത്തിലേക്ക് പാസ്സാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നിന്നും തെരഞ്ഞെടുത്ത് 104 പദ്ധതികൾ 100 ദിവസം കൊണ്ട് നടപ്പിലാക്കാനാണ് തീരുമാനിച്ചത്.

(സി) 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പദ്ധതികളൊന്നും 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മുഖ്യമന്ത്രിയുടെ ജില്ലാസന്ദർശനപരിപാടിയിൽ ലഭിച്ച പരാതികൾ

17 [18] *ശ്രീ. ടി. പി. രാമകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജില്ലാ സന്ദർശന പരിപാടിയിൽ ഓരോ ജില്ലയിൽനിന്നും എത്ര പരാതികൾ വീതം സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര പരാതികളിൽ തീർപ്പുണ്ടായിട്ടുണ്ട്;

(സി) പരാതികൾ തീർപ്പുകൽപ്പിക്കുന്നതിന്റെ ഭാഗമായി എത്ര ലക്ഷം രൂപയാണ് ഓരോ ജില്ലയിലും വിതരണം ചെയ്തതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) നവംബർ 30-ാം തീയതി മാത്രമേ ജനസമ്പർക്ക പരിപാടി തീരുകയുള്ളൂ. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

സർക്കാരിന്റെ പദ്ധതികളും വിഭവസമാഹരണവും

18 [19] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സർക്കാരിനു വേണ്ടി മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും എന്തെല്ലാം പുതിയ പദ്ധതികളും പരിപാടികളും പ്രഖ്യാപിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ;

---

† അനുബന്ധം - III കാണുക.

LIBRARY ARCHIVES Kerala Legislative Assembly